LIBRARY ARCHIVES Kerala Legislative Assembly

ടൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

55 (800) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന ടൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ വക (വിദ്യാഭ്യാസ വകുപ്പ്) ടൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ബി) പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് വ്ലാവെട്ടി ഗവ. ടൈബൽ എൽ.പി.എസ്., അമ്പൂരി പൂരവിമല ഗവ. ടൈബൽ എൽ.പി.എസ്., അമ്പൂരി കുന്നത്തുമല ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗവ. ടൈബൽ എൽ.പി. സ്കൂളുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കാണ്. ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. മേൽപ്പറഞ്ഞ സ്കൂളുകളിൽ 50%-ത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിച്ചു വരുന്നതിനാൽ ഊരുകൂട്ട ശിപാർശയുടെയും ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ആയതിലേയ്ക്കായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി, ഗോത്രസാരഥി, ഗോത്രബന്ധു, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം, പഠനയാത്രയ്ക്ക് ധനസഹായം, ലാപ്ടോപ്പ് വിതരണം, സാമൂഹ്യപഠനമുറി, വിദേശ പഠനത്തിന് ധനസഹായം എന്നിവയാണ്. പ്രൊമോഷൻ ഓഫ് എഡ്യൂക്കേഷൻ എന്ന ശീർഷകത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.